**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3032** **19.06.2018 ൽ മറുപടിയ്ക്ക്**

**ഒരു ലക്ഷം യുവജനങ്ങൾക്ക് പ്രത്യേക തൊഴിൽദാന പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) ഒരു ലക്ഷം യുവജനങ്ങൾക്ക് പ്രത്യേക തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെട്ട കർഷകർക്ക് നിലവിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത്; | എ) 1) ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിലെ അംഗങ്ങൾക്ക് 60 വയസ്സിന് മുമ്പ് മരണം സംഭവിച്ചാൽ ഗുണഭോക്താവിന്റെ നോമിനിക്ക് 25,000/- രൂപ മരണാനന്തര ആനുകൂല്യമായി നൽകിവരുന്നു.<br>2) പദ്ധതിയിലെ അംഗങ്ങൾക്ക് ശാരീരികമോ മാനസികമോ പൂർണ്ണ അവശതമൂലമോ കാർഷിക വൃത്തി തുടരാൻ സാധിക്കാതെ വന്നാൽ ഒറ്റത്തവണ ആനുകൂല്യമായി 25,000/- രൂപ നൽകിവരുന്നു.<br>3) പദ്ധതിയിൽ തുടരുന്ന അംഗങ്ങൾക്ക് 60 വയസ്സ് തികയുമ്പോൾ 30,000/- രൂപ ഗ്രാറ്റുവിറ്റിയും പ്രതിമാസം 1,000/- രൂപ പെൻഷനും നൽകിവരുന്നു.<br>4) പദ്ധതിയിലെ അംഗങ്ങൾ കൃഷി മേഖലയിൽ നിന്നും വിട്ട് മറ്റു തൊഴിൽ കിട്ടി പോവുകയോ സ്വമേധയാ എന്നെങ്കിലും പിരിഞ്ഞു പോകുകയാണെങ്കിൽ 7,500/- രൂപയും നൽകുന്നുണ്ട്. |
| ബി) അവരുടെ സേവനം നിലവിൽ ഉപയോഗപ്രദമാക്കാറുണ്ടോ; | ബി) പദ്ധതി അംഗങ്ങളിൽ നിന്നും പ്രത്യേക സേവനങ്ങൾ ഒന്നും തന്നെ പദ്ധതിയിൽ പ്രതിപാദിച്ചിട്ടില്ല. കാർഷിക മേഖലയിൽ തൊഴിലെടുത്ത് ജീവിക്കുന്നതിനുള്ള താല്പര്യമാണ് മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| സി) | ഈ പദ്ധതിയുടെ ഭാഗമായി രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) ധനസഹായത്തോടെ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി) | പ്രത്യേക തൊഴിൽദാന പദ്ധതി അംഗങ്ങൾക്കായി 2014-15 വർഷത്തിൽ 3 പദ്ധതികൾ (വാഴകൃഷി, കോക്കനട്ട് നഴ്സറി, ഡയറി ഫാം) ആർ.കെ.വി.വൈ ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇപ്പോൾ ആർ.കെ.വി.വൈ യിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |
| ഡി) | പ്രസ്തുത തൊഴിൽദാന പദ്ധതി പുനരുജ്ജീവിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | ഡി) | ഇല്ല. കർഷകരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി 'കർഷക ക്ഷേമനിധി ബോർഡ്' രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

Maya P

**സെക്ഷൻ ഓഫീസർ**